"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സംസ്ഥാന ആസൂത്രണ ബോർഡ് - ഔദ്യോഗികാവശ്യത്തിനായി വാഹനങ്ങൾ വാങ്ങുന്നതിനും, വാടകയ്ക്ക് എടുക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.1/2025/P&EA തീയതി,തിരുവനന്തപുരം, 24-01-2025

---

പരാമർശം:-
1. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 10.07.2024-ലെ എസ്.പി.ബി/350/2019-സിഎസ്1/ 43061/2024 നമ്പർ കത്ത്
2. ജി.ഒ.(പി)നം.57/2024/ഫിൻ തീയതി, 17.07.2024.
3. ചീഫ് സെക്രട്ടറിതല കമ്മിറ്റിയുടെ 05.11.2024 തീയതിയിലെ യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

സംസ്ഥാന ആസൂത്രണ ബോർഡിലെ ഏഴ് ഡിവിഷനുകൾക്കും ജനറൽ വിഭാഗത്തിനും കൂടി ആകെ 1 4 വാഹനങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്നും മെമ്പർമാർ, മെമ്പർ സെക്രട്ടറി, എക്കണോമിക് അഡ്വൈസർ എന്നിവർക്കുള്ള വാഹനങ്ങൾ ഒഴികെ 8 വാഹനങ്ങൾ വേണ്ടയിടത്ത് 4 വാഹനങ്ങൾ മാത്രമാണ് നിലവിലുള്ളതെന്നും നിലവിൽ ലഭ്യമായിട്ടുള്ള 4 വാഹനങ്ങളിൽ 2 വാഹനങ്ങളുടെ കാലാവധി ഒരു വർഷത്തിൽ താഴെ മാത്രമാണെന്നും ഔദ്യോഗിക വാഹനങ്ങളുടെ അപര്യാപ്തത സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദൈനംദിന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും 2024-25 സാമ്പത്തിക വർഷ ം, 'സംസ്ഥാന ആസൂത്രണ ബോർഡിന് വാഹനങ്ങളും ഫർണിച്ചറുകളും വാങ്ങൽ 3451-00-101-71-00-00-00 (പ്ലാൻ) ' എന്ന പദ്ധതിയിൻ കീഴിൽ 2 ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് 4 0 ലക്ഷം രൂപയും അനെർട്ടിൽ നിന്നും മറ്റ് സ്വകാര്യ ഏജൻസികളിൽ നിന്നും വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് 19.08 ലക്ഷം രൂപയും വകയിരുത്തിയിരുന്നുവെന്നും ഇപ്രകാരം വകയിരുത്തിയ 4 0 ലക്ഷം രൂപയിൽ നിന്ന് 23,46,300 രൂപ ചെലവഴിച്ച് 3 Maruti Swift Dzire ZXI+(Petrol) വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നും മെമ്പർ സെക്രട്ടറി പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. ജില്ലയ്ക്ക് പുറത്തുള്ള യോഗങ്ങൾക്കും പഠനങ്ങൾ നടത്തുന്നതിനുമായി

ബോർഡിലെ ഉദ്യോഗസ്ഥർക്ക് നിരന്തരം ഔദ്യോഗിക യാത്രകൾ നടത്തേണ്ടതിനാൽ അത്തരം ദീർഘദൂര യാത്രയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ ചാർജ് നിൽക്കാത്ത പ്രശ്നം നേരിടുന്നതിനാൽ അനുയോജ്യമല്ല എന്നും ഇലക്ട്രിക് വാഹനങ്ങൾക്ക് **Petrol** വാഹനങ്ങളെ അപേക്ഷിച്ച് ഉയർന്ന വിലയായതിനാൽ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്നുണ്ടെന്നും അതിനാൽ, ഇലക്ട്രിക് വാഹനങ്ങൾക്ക് പകരം **Petrol** വാഹനം വാങ്ങുന്നതാണ് കൂടുതൽ ഉചിതമായിട്ടുള്ളതെന്നും മെമ്പർ സെക്രട്ടറി ശിപാർശ ചെയ്തിരുന്നു.

**3.** എന്നാൽ **2024-25** സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ് വകുപ്പിന്റെ മൊത്തം പദ്ധതി വിഹിതത്തിന്റെ **50%** ആയി പരിമിതപ്പെടുത്തുന്നതിനായി പരാമർശം **(2)** പ്രകാരം രൂപീകരിച്ച ചീഫ് സെക്രട്ടറിതല സമിതിയുടെ **05.11.2024 -** ൽ ചേർന്ന യോഗം, 'സംസ്ഥാന ആസൂത്രണ ബോർഡിന് വാഹനങ്ങളും ഫർണിച്ചറുകളും വാങ്ങൽ **3451-00-101-71-00-00-00** (പ്ലാൻ)' എന്ന പദ്ധതിയിൻ കീഴിൽ **"Purchase of New Vehicle, Purchase new Electric vehicles against condemned vehicles (completed 15 years)" എന്ന ഘടകത്തിന്റെ തുക 20 ലക്ഷം രൂപയും** **"Hiring of Vehicles from private Agency/hiring of vehicles from ANERT on the basis of dry lease agreement"** എന്ന ഘടകത്തിന്റെ തുക **9.54** ലക്ഷം രൂപയുമാക്കി പരിമിതപ്പെടുത്തിയിരുന്നു.

**4.** ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ ശിപാർശ, സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഔദ്യോഗികാവശ്യത്തിനായി **3451-00-101-71-00-00-00** (പ്ലാൻ) ശീർഷകത്തിൽ വാഹനം വാങ്ങുന്നതിന് വകയിരുത്തിട്ടുള്ള ഇരുപത് ലക്ഷം രൂപ വിനിയോഗിച്ച് **2 Maruti Swift Dzire ZXI+(Petrol)** വാഹനങ്ങൾ വാങ്ങുന്നതിനും, ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി മൂന്നാമത്തെ വാഹനം വാങ്ങുന്നതിനും, പുതിയ വാഹനങ്ങൾ ലഭ്യമാകുന്നത് വരെ പ്രതിമാസം പരമാവധി ചെലവ് **40,000** രൂപ അധികരിക്കാതെ ഈ സാമ്പത്തിക വർഷം അവസാനം വരെ **3** വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (**22.01.2025**-ലെ ഇനം നമ്പർ. **2627** പ്രകാരം)

ധനകാര്യ വകുപ്പ് (23.10.2024 തീയതിയിലെ EXP-B3/220/2024-FINപ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി - B2/87/2024-PLEGA ഫയലിലേയ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
Date: 25-01-2025 10:48:49
സെക്ഷൻ ഓഫീസർ

*രഹസ്യം*

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 22-01-2025

ഫയൽ നം. ബി2/87/2024/പിഎൽജിഇഎ. ഇനം നം: 2627

വിഷയം : ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഔദ്യോഗികാവശ്യത്തിനായി വാഹനം വാങ്ങുന്നതിന്/ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

93

2627

**കേരള സർക്കാർ**

**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ | : | ബി2/87/2024/പിഎൽജിഇഎ |
| 2. | വകുപ്പ് | : | ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് |
| 3. | വിഷയം | : | സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഔദ്യോഗികാവശ്യത്തിനായി വാഹനം വാങ്ങുന്നതിന്/വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 16.12.2024 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | : | ഉണ്ട് |
| | മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ; | : | ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7. | കരട് കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ സി.എം.അജയ മോഹൻ |
| 8. | കരട് കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ.രത്തൻ യു.ഖേൽകർ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.12.2024 |
| 10. | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദാ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14.01.2025 |
| 12. | കരട് കുറിപ്പ് അംഗീകരിച്ച മുഖ്യമന്ത്രിയുടെ പേര് | : | ശ്രീ പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 16.01.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17.01.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഔദ്യോഗികാവശ്യത്തിനായി 3451-00-101-71-00-00-00 (പ്ലാൻ) ശീർഷകത്തിൽ വാഹനം വാങ്ങുന്നതിനായി വകയിരുത്തിയിട്ടുള്ള ഇരുപത് ലക്ഷം രൂപ ഉപയോഗിച്ച് 2 Maruti Swift Dzire ZXI+ (Petrol) വാഹനങ്ങൾ വാങ്ങുന്നതിനും, ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി മൂന്നാമത്തെ വാഹനം വാങ്ങുന്നതിനും, പുതിയ വാഹനങ്ങൾ ലഭ്യമാകുന്നത് വരെ പ്രതിമാസം പരമാവധി ചെലവ് 40,000 രൂപ അധികരിക്കാതെ ഈ സാമ്പത്തിക വർഷം അവസാനം വരെ 3 വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും സംസ്ഥാന ആസൂത്രണ ബോർഡിന് അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. സംസ്ഥാന ആസൂത്രണ ബോർഡിലെ ഏഴ് ഡിവിഷനുകൾക്കും ജനറൽ വിഭാഗത്തിനും കൂടി ആകെ 14 വാഹനങ്ങളാണ് സംസ്ഥാന ആസൂത്രണ ബോർഡിന് അനുവദിച്ചിട്ടുള്ളത്. 2019 - ൽ രജിസ്ട്രേഷൻ കാലയളവ് അവസാനിച്ച ഒരു വാഹനം കണ്ടം ചെയ്തിട്ടുള്ളതും, ഇപ്പോൾ 3 വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലയളവ് അവസാനിച്ചതിനാലും, ടി വാഹനങ്ങൾ നിരത്തിലിറക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നും 8 വാഹനങ്ങൾ വേണ്ടയിടത്ത് 4 വാഹനങ്ങൾ മാത്രമാണ് നിലവിലുള്ളതെന്നും നിലവിൽ ലഭ്യമായിട്ടുള്ള 4 വാഹനങ്ങളിൽ 2 വാഹനങ്ങളുടെ കാലാവധി ഒരു വർഷത്തിൽ താഴെ മാത്രമാണെന്നും ഔദ്യോഗിക വാഹനങ്ങളുടെ അപര്യാപ്തത ആസൂത്രണ ബോർഡിന്റെ ദൈനംദിന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും മെമ്പർ സെക്രട്ടറി അറിയിച്ചിരുന്നു.

3. 2024-25 സാമ്പത്തിക വർഷം, 'സംസ്ഥാന ആസൂത്രണ ബോർഡിന് വാഹനങ്ങളും ഫർണിച്ചറുകളും വാങ്ങൽ 3451-00-101-71-00-00-00 (പ്ലാൻ)' എന്ന പദ്ധതിയിൻ കീഴിൽ 2 ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് 40 ലക്ഷം രൂപയും അനെർട്ടിൽ നിന്നും മറ്റ് സ്വകാര്യ ഏജൻസികളിൽ നിന്നും വാഹനങ്ങൾ വാടകയ്ക്ക്

എടുക്കുന്നതിന് 19.08 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇപ്രകാരം വകയിരുത്തിയ 40 ലക്ഷം രൂപയിൽ നിന്ന് 23,46,300 രൂപ ചെലവഴിച്ച് 3 Maruti Swift Dzire ZXI+(Petrol) വാഹനങ്ങൾ വാങ്ങുന്നതിനാണ് മെമ്പർ സെക്രട്ടറി ശിപാർശ ചെയ്തിരുന്നത്.

4. ജില്ലയ്ക്ക് പുറത്തുള്ള യോഗങ്ങൾക്കും പഠനങ്ങൾ നടത്തുന്നതിനുമായി ബോർഡിലെ ഉദ്യോഗസ്ഥർക്ക് നിരന്തരം ഔദ്യോഗിക യാത്രകൾ നടത്തേണ്ടതിനാൽ അത്തരം ദീർഘദൂര യാത്രയ്ക്ക് ഇലക്ട്രിക് വാഹനങ്ങൾ ചാർജ് നിൽക്കാത്ത പ്രശ്നം നേരിടുന്നതിനാൽ അനുയോജ്യമല്ല എന്നും ഇലക്ട്രിക് വാഹനങ്ങൾക്ക് Petrol വാഹനങ്ങളെ അപേക്ഷിച്ച് ഉയർന്ന വിലയായതിനാൽ കൂടുതൽ തുക ചെലവഴിക്കേണ്ടി വരുന്നുണ്ടെന്നും അതിനാൽ, ഇലക്ട്രിക് വാഹനങ്ങൾക്ക് പകരം Petrol വാഹനം വാങ്ങുന്നതാണ് കൂടുതൽ ഉചിതമായിട്ടുള്ളതെന്നും മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. GeM Portal ൽ നിന്നും ലഭിച്ച Maruti Swift Dzire ZXI+(Petrol) വാഹനത്തിന്റെ വില സംബന്ധിച്ച വിശദാംശങ്ങൾ പ്രകാരം ഒരു വാഹനത്തിന് 7,82,000 രൂപ നിരക്കിൽ 3 വാഹനങ്ങൾക്ക് ആകെ വില 23,46,300 രൂപയാണ്.

5. ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ ശിപാർശയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു:

"15 വർഷം പൂർത്തിയായി എന്ന കാരണത്താൽ വാഹനങ്ങൾ കണ്ടം ചെയ്യുവാൻ സർക്കാർ അനുമതി നല്കിയിട്ടില്ല എന്നും അത്തരത്തിലുള്ള വാഹന നിരാകരണം പ്ലാനിംഗ് ബോർഡ് നടത്തിയിട്ടുണ്ട് എങ്കിൽ ഉചിത നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കണം എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. പ്ലാനിംഗ് ബോർഡ് ഓഫീസിൽ ഉപയോഗത്തിലിരുന്ന മൂന്ന് വാഹനങ്ങൾ ഇപ്പോൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മൂന്ന് വാഹനങ്ങൾ പ്രതിമാസം പരമാവധി ചെലവ് 40,000 രൂപ അധികരിക്കാതെ ഈ സാമ്പത്തിക വർഷം അവസാനം വരെ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകുന്നു. ചെലവുകൾ 3451-100-101-71-00-

00-00 (പ്ലാൻ) ശീർഷകത്തിൽ വാഹന വാടകയ്ക്കായി നീക്കി വച്ചിട്ടുള്ള തുകയിൽ നിന്നും വിനിയോഗിയ്ക്കാനും അനുമതി നൽകുന്നു. പുതിയ വാഹനങ്ങൾ വാങ്ങുന്നതും 15. വർഷം പൂർത്തിയായ വാഹനങ്ങളുടെ നിരാകരണവും പകരം വാഹനം അനുവദിയ്ക്കലും സംബന്ധിച്ച് സർക്കാർ പൊതു തീരുമാനം കൈക്കൊണ്ടതിന് ശേഷം പരിഗണിയ്ക്കാം എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് ".

6. ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ഉത്തരവിനായി ഫയൽ ബഹു മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്യപ്പോൾ ബഹു മുഖ്യമന്ത്രി താഴെപ്പറയും പ്രകാരം ഉത്തരവായി.

"സംസ്ഥാന ആസൂത്രണ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് വാഹനം ഒഴിച്ചുകൂടാനാവാത്തതാണ്. 18 വർഷം പഴക്കമുള്ള വാഹനം നിലവിലെ വ്യവസ്ഥ പ്രകാരം തുടർന്ന് ഉപയോഗിക്കാൻ കഴിയില്ല. ധനകാര്യ വകുപ്പ് മന്ത്രി ഇക്കാര്യം ഒന്നുകൂടി പരിശോധിക്കുക."

7. തുടർന്ന്, ഭരണവകുപ്പ് ശിപാർശ അംഗീകരിക്കുന്നുവെന്ന അഭിപ്രായത്തോടെ ബഹു.ധനകാര്യ വകുപ്പ് മന്ത്രി, ഫയൽ വീണ്ടും ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിരുന്നു.

8. എന്നാൽ ഈ സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ് വകുപ്പിന്റെ മൊത്തം പദ്ധതി വിഹിതത്തിന്റെ 50% ആയി പരിമിതപ്പെടുത്തുന്നതിനായി G.O.(P) 57/2024/Fin തീയതി, 17/07/2024 പ്രകാരം രൂപീകരിച്ച ചീഫ് സെക്രട്ടറിതല സമിതിയുടെ 05.11.2024 -ൽ ചേർന്ന യോഗം, 'സംസ്ഥാന ആസൂത്രണ ബോർഡിന് വാഹനങ്ങളും ഫർണിച്ചറുകളും വാങ്ങൽ 3451-00-101-71-00-00-00 (പ്ലാൻ)' എന്ന പദ്ധതിയിൻ കീഴിൽ **"Purchase of New Vehicle, Purchase new Electric vehicles against condemned vehicles (completed 15 years)" എന്ന ഘടകത്തിന്റെ തുക 20 ലക്ഷം രൂപയും** "Hiring of Vehicles from private

Agency/hiring of vehicles from ANERT on the basis of dry lease agreement" **എന്ന ഘടകത്തിന്റെ തുക** 9.54 ലക്ഷം രൂപയുമാക്കി പരിമിതപ്പെടുത്തിയിരുന്നു. ഇപ്രകാരം അനുവദനീയമായ ഇരുപത് ലക്ഷം രൂപ ഉപയോഗിച്ച് 2 വാഹനങ്ങൾ Maruti Swift Dzire ZXI+(Petrol) വാങ്ങുവാനും, മൂന്നാമത്തെ വാഹനം ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി വാങ്ങുവാനും, പുതിയ വാഹനങ്ങൾ ലഭ്യമാകുന്നത് വരെ പ്രതിമാസം പരമാവധി ചെലവ് 40,000/- രൂപ അധികരിക്കാതെ ഈ സാമ്പത്തിക വർഷം അവസാനം വരെ 3 വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും അനുമതി നൽകുന്നതിന്മേൽ ഉത്തരവിനായി ഫയൽ വീണ്ടും ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിരുന്നു .

## തീരുമാനിക്കേണ്ട വിഷയം

സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഔദ്യോഗികാവശ്യത്തിനായി 3451-00-101-71-00-00-00 (പ്ലാൻ) ശീർഷകത്തിൽ വാഹനം വാങ്ങുന്നതിന് വകയിരുത്തിട്ടുള്ള ഇരുപത് ലക്ഷം രൂപ വിനിയോഗിച്ച് 2 Maruti Swift Dzire ZXI+(Petrol) വാഹനങ്ങൾ വാങ്ങുന്നതിനും, ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി മൂന്നാമത്തെ വാഹനം വാങ്ങുന്നതിനും, പുതിയ വാഹനങ്ങൾ ലഭ്യമാകുന്നത് വരെ പ്രതിമാസം പരമാവധി ചെലവ് 40,000 രൂപ അധികരിക്കാതെ ഈ സാമ്പത്തിക വർഷം അവസാനം വരെ 3 വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും, സംസ്ഥാന ആസൂത്രണ ബോർഡിന് അനുമതി നൽകാവുന്നതാണോ ?

2627

# GOVERNMENT OF KERALA
## (SHRI PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1. | File Number | : B2/87/2024-PLGEA |
| 2. | Department | : Planning & Economic Affairs (B) Department |
| 3. | Subject | : Granting of sanction for purchase/hiring of vehicles for official purpose of State Planning Board - reg |
| 4. | Date of Chief Minister's Order for placing before the Council | : 16.12.2024 |
| 5. | (i) Does the case involve financial commitments/implications | : Yes |
| | (ii) If the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the note for the Council? | : Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | : No |
| 7. | Name of Special Secretary who submitted the Draft Note | : Sri C.M.Ajaya Mohan |
| 8. | Name of Secretary who approved the Draft Note | : Dr. Rathan U. Kelkar |
| 9. | Date of approval of the Draft Note for the Council by the Secretary | : 26.12.2024 |
| 10. | Name of Chief Secretary who approved the Draft Note | : Smt.Sarada Muraleedharan |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : 14.01.2025 |
| 12. | Name of Minister who approved the draft note | : Sri Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister | : 16.01.2025 |
| 14. | Date of submission of fair copies | : 17.01.2025 |
| 15. | Date of decision by the Council of Ministers | : |
| 16. | Number and date of Government Order/ letter communicating the decision | : |

## Note for the Council of Ministers

This note deals with granting permission to the State Planning Board for the purchase of 2 Maruti Swift Dzire ZXI+(Petrol) vehicles utilizing an amount of Rs. 20 lakhs allocated for the purchase of vehicles under the h/a "3451-00-101-71-00-00-00 (Plan)" and to purchase a third vehicle after ensuring the availability of sufficient funds, and to hire 3 vehicles until the end of this financial year, subject to a maximum monthly expenditure of Rs. 40,000/- until the new vehicles are delivered.

2. A total of 14 vehicles have been allocated to the State Planning Board for its seven divisions and the general section. The Member Secretary has reported that the registration of one vehicle expired in 2019, and the registrations of three other vehicles have expired recently, making them unusable. Currently, only four vehicles are available, whereas eight are needed. Additionally, two of the four available vehicles have less than one year of remaining registration. The shortage of official vehicles is negatively impacting the daily operations of the Planning Board.

3. The Member Secretary has reported that Rs. 40 lakh was allocated under the scheme 'Purchase of Vehicles and Furniture for the State Planning Board 3451-00-101-71-00-00-00 (Plan)' for the financial year 2024-25, intended for the purchase of new electric vehicles against condemned ones, and Rs. 19.08 lakh for hiring vehicles from private agencies or from ANERT on a dry lease basis. From the allocated Rs. 40 lakh, the Member Secretary has recommended purchasing three Maruti Swift Dzire ZXI+ (Petrol) vehicles, with an expenditure of Rs.23,46,300/-

4. The Member Secretary also reported that since Planning Board officers frequently travel for official meetings and studies outside the district, electric vehicles are unsuitable for long-distance travel due to charging limitations. Additionally, electric vehicles are more expensive than petrol vehicles, resulting in higher costs. Therefore, purchasing petrol vehicles is considered more practical. According to the price details from the GeM Portal, the cost per vehicle is Rs. 7,82,000/- making the total cost for three Maruti Swift Dzire ZXI+ (Petrol) vehicles Rs. 23,46,300/-.

5. When the file was forwarded to Finance Department for remarks on the proposal of the Member Secretary, State Planning Board, that department has remarked as follows:

> **"15 വർഷം പൂർത്തിയായി എന്ന കാരണത്താൽ വാഹനങ്ങൾ കണ്ടം ചെയ്യുവാൻ സർക്കാർ അനുമതി നല്കിയിട്ടില്ല എന്നും അത്തരത്തിലുള്ള വാഹന നിരാകരണം പ്ലാനിംഗ് ബോർഡ് നടത്തിയിട്ടുണ്ട് എങ്കിൽ ഉചിത നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കണം എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. പ്ലാനിംഗ് ബോർഡ് ഓഫീസിൽ ഉപയോഗത്തിലിരുന്ന മൂന്ന് വാഹനങ്ങൾ ഇപ്പോൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മൂന്ന് വാഹനങ്ങൾ പ്രതിമാസം പരമാവധി ചെലവ് 40,000 രൂപ അധികരിക്കാതെ ഈ സാമ്പത്തിക വർഷം അവസാനം വരെ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകുന്നു. ചെലവുകൾ 3451-100-101-71-00-00-00 (പ്ലാൻ) ശീർഷകത്തിൽ വാഹന വാടകയ്ക്കായി നീക്കി വച്ചിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കാനും അനുമതി നൽകുന്നു. പുതിയ വാഹനങ്ങൾ വാങ്ങുന്നതും 15 വർഷം പൂർത്തിയായ വാഹനങ്ങളുടെ നിരാകരണവും പകരം വാഹനം അനുവദിക്കലും സംബന്ധിച്ച്**

സർക്കാർ പൊതു തീരുമാനം കൈക്കൊണ്ടതിന് ശേഷം പരിഗണിയ്ക്കാം എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് ".

6. When the file was circulated to Hon'ble Chief Minister for orders on the remarks of the Finance Department , the Hon'ble Chief Minister has ordered as follows:

"സംസ്ഥാന ആസൂത്രണ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് വാഹനം ഒഴിച്ചുകൂടാനാവാത്തതാണ്. 18 വർഷം പഴക്കമുള്ള വാഹനം നിലവിലെ വ്യവസ്ഥ പ്രകാരം തുടർന്ന് ഉപയോഗിക്കാൻ കഴിയില്ല. ധനകാര്യ വകുപ്പ് മന്ത്രി ഇക്കാര്യം ഒന്നുകൂടി പരിശോധിക്കുക."

7. When the Minister for Finance submitted the file to the Hon'ble Chief Minister with the remark that the recommendation of the Administrative Department was accepted, Hon'ble Chief Minister has ordered to place the matter for consideration of the Council of Ministers.

8. However, the Chief Secretary-level committee, constituted as per G.O.(P) 57/2024/Fin dated 17/07/2024, to limit the department's project expenditure for the current financial year to 50% of its total project allocation, in its meeting held on 05.11.2024, reviewed the scheme 'Purchase of Vehicles and Furniture for State Planning Board 3451-00-101-71-00-00-00 (Plan)' and decided to reduce the allocation for the "Purchase of New Vehicle, Purchase of New Electric Vehicles Against Condemned Vehicles (completed 15 years)" component to Rs. 20 lakh, and the allocation for the "Hiring of Vehicles from Private Agencies/ANERT on a Dry Lease Basis" component to Rs. 9.54 lakh. Based on the recommendation of the Chief Secretary-level committee,

the file was once again submitted to the Hon'ble Chief Minister for orders regarding the purchase of two Maruti Swift Dzire ZXI+ (Petrol) vehicles using Rs. 20 lakh allocated under the H/A 3451-100-101-71-00-00-00 (Plan), the purchase of a third vehicle once funds are available, and the hiring of three vehicles until the end of the financial year with a maximum monthly expenditure of Rs. 40,000/- until the new vehicles are delivered. The Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Point for decision**

Whether permission may be granted to State Planning Board for the purchase of 2 Maruti Swift Dzire ZXI+(Petrol) vehicles utilizing the allocated amount of Rs. 20 lakhs under the H/A 3451-100-101-71-00-00-00 (Plan), for official purposes, to purchase a third vehicle after ensuring the availability of funds, and to hire 3 vehicles until the end of this financial year, subject to a maximum monthly expenditure not exceeding Rs.40,000/-, until the new vehicles are purchased?